(സി) ചിലരുടെ പേരിൽ ഉണ്ടായിട്ടുണ്ട്.

(ഡി) അനുബന്ധം നോക്കുക. (അനുബന്ധം I.)

RATION SHOP—TRICHUR—PUNKUNNAM VILLAGE

376. മിസ്റ്റർ ജോസ് കെ. വള്ളിസ്സ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ട് സദയം മറുപടി പറയുമോ.—

(എ) തൃശ്ശിവപേരൂർ ടൌണിൽപെട്ടതും പുങ്കുന്നിൽ വി. ഒ. അന്തോണി എന്നാൾ ഫ്രീ ഫുഡ്-ഡീലർഷിപ്പിൽ ഏതാനും കാലം നടത്തിവന്നിരുന്നതുമായ റേഷൻഷാപ്പ് നടത്തിപ്പ് കായ്ത്തെപ്പറ്റി ആക്ഷേപങ്ങൾ ഫുഡ് സപ്ലൈസ് ഡയറക്ടർക്ക് നേരിട്ടോ മറ്റോ കിട്ടിട്ടുണ്ടെങ്കിൽ അതുകളുടേയും ടി തീരുമാനങ്ങളുടേയും പകർപ്പുകൾ മേശപ്പുറത്തു വെക്കാമോ;

(ബി) ടി റേഷൻഷാപ്പ് ഇപ്പോൾ നടത്തിവരുന്നതു് ആരാണ് എന്നും എന്നാണ് അതു് ഏല്പിച്ചുകൊടുത്തതെന്നും പറയാമോ;

(സി) ടി റേഷൻഷാപ്പ് വി. ഒ. അന്തോണിയിൽനിന്നു ഒഴിപ്പിക്കുന്നപക്ഷം ഏല്പിച്ചുകിട്ടുവാൻ എത്ര അപേക്ഷകന്മാർ ഉണ്ടായിരുന്നു എന്നും അവർ ആരൊക്കെയാണ് എന്നും പറയാമോ;

(ഡി) ടി റേഷൻഷാപ്പ് വി. ഒ. അന്തോണി പക്കൽനിന്നും ഒഴിഞ്ഞുവാങ്ങുവാൻ ആദ്യം ഉത്തരവുണ്ടായതു അനുസരിച്ചാണോ ഇപ്പോൾ നടത്തുന്ന ആളെ ഏല്പിച്ചിട്ടുള്ളതു് എന്നു് പറയാമോ?

റാവുസാഹിബ് എം. എം. പോൾ :

(എ) ഈ കായ്യം ഇപ്പോൾ പോലീസിന്റെ അന്വേഷണത്തിൽ ഇരിക്കുന്നു. റിക്കാട്ടുകളുടെ പകർപ്പുകൾ മേശപ്പുറത്തു വെക്കുവാൻ നിവൃത്തിയില്ല.

(ബി) ഇപ്പോൾ നടത്തുന്നത് മിസ്റ്റർ എൻ. കെ. നാരായണൻ, സിക്രട്ടറി, S. N. D. P. യോഗം, നെല്ലിപറമ്പിൽ വീട്, കായ്ട്ടുകര. ഏല്പിച്ചുകൊടുത്ത തിയ്യതി ഫ്രീ ഫുഡ് ഫ്രീ എടവം ഫ്രീ-ാംതീ.

(സി) ആകെ അപേക്ഷകർ ഫ്രീ പേരുകൾക്ക് അനുബന്ധം നോക്കുക. (അനുബന്ധം II).

(ഡി) V. O. അന്തോണിയിൽനിന്ന് ഷാപ്പ് ഒഴിഞ്ഞുവാങ്ങുവാനും പകരം നിയമിക്കേണ്ടതു് ആരെയാണെന്നു് ശുപാർശ ചെയ്യുവാനും തൃശ്ശിവപേരൂർ അസിസ്റ്റണ്ട് സപ്ലൈ ആഫീസ്സർക്ക് ആദ്യം കല്പന അയക്കുകയും അസിസ്റ്റണ്ട് സപ്ലൈ ആഫീസ്സരുടെ റിപ്പോർട്ട് അനുസരിച്ച് മിസ്റ്റർ എൻ. കെ. നാരായണനെ നിയമിക്കുകയുംചെയ്തു.

RATION SHOPS—AUCTION OF

377. മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറീത് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ട് സദയം മറുപടി പറയുമോ.—

(എ) കൊച്ചിരാജ്യത്തെ റേഷൻ ഷാപ്പുകൾ ഫ്രീ ഫുഡ്-ാമാണ്ടിൽ നടത്തുവാനുള്ള അവകാശം ലേലംചെയ്തു കൊടുക്കണമെന്നും മറ്റും കാണിച്ചു് "റേഷൻ ഷാപ്പുകൾ ലേലംചെയ്താൽ എന്താ" എന്ന തലക്കെട്ടിൽ എഴുതി "Allied Printers, Trichur" പ്രസ്സിൽ അച്ചടിച്ച ലഘുലേഖനം ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(ബി) ഫ്രീ ഫുഡ്-ാമാണ്ടത്തെ അവകാശം ലേലത്തിനുവെച്ചു് ഏല്പിക്കുവാൻ ഗവൺമെണ്ടിനു് ഉദ്ദേശമുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണു്?

റാവു സാഹിബ് എം. എം. പോൾ:

(എ) ഉണ്ടു്.

(ബി) ഇല്ല. റേഷൻ ഷാപ്പുകൾ ലേലംചെയ്യുന്നതു് ശരിയല്ലെന്നു് ഗവൺമെണ്ടിനു് തോന്നുന്നതുകൊണ്ടു്.

TRAINING COLLEGE

378. **Mr. M. K. Verghese** *(Cranganur)*: Will Government be pleased to state.—

(*a*) is their any Child Education Specialist in the Government Training College;

(*b*) if not, why a specialist is not yet appointed?

LIBRARY ARCHIVES Kerala Legislative Assembly